(സി) പ്രസ്തുത സഹകരണ സംഘത്തിൽ നടത്തിയിട്ടുള്ള സാമ്പത്തിക ക്രമക്കേടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സഹകരണ ഡിപ്പാർട്ടുമെന്റിലെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട്

133 (301) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് പ്രവർത്തിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട് എത്രകാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ബി) ഈ സംഘത്തിന് എത്ര ബസ്സുകളുണ്ട്; അതിൽ എത്ര എണ്ണം ഇപ്പോൾ ഓടുന്നുണ്ട്;

(സി) ഈ സംഘത്തിലെ എത്ര തൊഴിലാളികളെ പിരിച്ചുവിട്ടു; എത്ര പേരെ തരംതാഴ്ത്തി;

(ഡി) ഈ സംഘത്തിന് നഷ്ടമുണ്ടാകാനുള്ള കാരണങ്ങളെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) കൊല്ലത്ത് പ്രവർത്തിക്കുന്ന മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം 1978-79 മുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(ബി) 42 ബസ്സുകൾ ഉണ്ട്. 34 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്. 5 ബസ്സുകൾ റിസർവാണ്.

(സി) ഈ സംഘത്തിലെ തൊഴിലാളികളെ പിരിച്ചുവിടുകയോ തരംതാഴ്ത്തുകയോ ചെയ്തിട്ടില്ല.

(ഡി) അന്വേഷിച്ചിട്ടുണ്ട്.

കരകുളം സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം സംബന്ധിച്ച പരാതി

134 (302) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന നിയമനത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly